# വിശാലകൊച്ചിവികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ : 2204261, 2206122 ഫാക്സ് 91 484 2206230 കൊച്ചി-682020
Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com


"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. 7729/ഐ.ഒ./2023/ജിസിഡിഎ തീയതി, 10.10.2023

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. സദാനന്ദ നായ്ക്ക്
18/733, ആലുങ്കൽ വീട്
പള്ളുരുത്തി
കൊച്ചി - 682 006.

സർ,

വിഷയം:- ജിസിഡിഎ - വിവരാവകാശവിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 12.09.2023 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന അപേക്ഷയിലെ എല്ലാ ചോദ്യങ്ങളും മുൻപ് പലപ്പോഴായി വിവരാവകാശ അപേക്ഷകളിൽ വന്നിട്ടുള്ളതും സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതുമാണ്. സൂചന അപേക്ഷയിലെ 1-ാം ചോദ്യം 17.11.21-ൽ താങ്കൾ നൽകിയ വിവരാവകാശ അപേക്ഷയിലെ 1-ാം ചോദ്യം ആണ്. രണ്ടാം ചോദ്യം താങ്കളുടെ 24.03.22 ലെ അപേക്ഷയിൽ ചോദ്യം 2 ആയി നൽകിയിട്ടുള്ളതാണ്. 3, 4, 5, 6 ചോദ്യങ്ങൾ താങ്കളുടെ 22.02.22 ലെ വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങളും 7-ാം മത്തെ ചോദ്യം 24.03.22 ലെ അപേക്ഷയിൽ 1-ാം ചോദ്യമായി ചോദിച്ചിട്ടുള്ളതുമാണ്.

വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയെങ്കിലും അപ്പീൽ നൽകുകയും ഹിയറിംഗിന് ഹാജരാകാതിരുന്നിട്ടും താങ്കൾ ആവശ്യപ്പെട്ട ഫയലിലെ മുഴുവൻ പേജുകളുടെയും പകർപ്പുകൾ സൗജന്യമായി നൽകിയാണ് അപ്പീൽ തീർപ്പാക്കിയത്. തുടർന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അപ്പീൽ നൽകിയത് പ്രകാരം ഹിയറിംഗിന് ശേഷം SPIO യുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ച് ഈ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് 20.04.23 ൽ ഉത്തരവായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ, ഒരേ ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചിട്ടും വീണ്ടും അതേ ചോദ്യങ്ങൾ വിവരാവകാശ അപേക്ഷയായി നൽകുന്നതിനാൽ Central Information Commission, decision No: CIC/AD/A/2013/001326-SA dated 25.06.14 പ്രകാരം താങ്കളുടെ അപേക്ഷ നിരസിച്ചതായി അറിയിക്കുന്നു.

താങ്കൾ മുൻപ് വിവരാവകാശ പ്രകാരം നൽകിയ അപേക്ഷകളും ആയതിന് നൽകിയ മറുപടികളും അറിവിലേയ്ക്കായ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അപ്പീൽ അധികാരിയുടെമേൽവിലാസം

**ശ്രീ.ടി.എൻ. രാജേഷ്**
അപ്പലേറ്റ് അതോറിറ്റി/സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി - 682 020

വിശ്വസ്തതയോടെ,

**ശ്രീവിദ്യ വി.**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

അയച്ചു
11 OCT 2023

Am-11.10.2023